**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5771** **25-03-2025 - ൽ മറുപടിയ്ക്ക്**

**വെള്ളൂർ - പാടിയോട്ടുചാൽ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡിന്റെ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ധനാനുമതി നൽകുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ വെള്ളൂർ - പാടിയോട്ടുചാൽ റോഡ് പ്രവൃത്തി കിഫ്ബി ഫണ്ട് വിനിയോഗിച്ച് മെച്ചപ്പെടുത്തുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 01/11/2016-ലെ G.O (Rt) No. 1502/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ ചെയിനേജ് 0/000 മുതൽ 28/300 വരെയുള്ള ഭാഗം CRF-ലും സംസ്ഥാന ബഡ്ജറ്റിലും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി 7 മീറ്റർ കാര്യേജ് വേയിൽ BM & BC നിലവാരത്തിൽ വികസിപ്പിച്ചിരുന്നു. പ്രസ്തുത റോഡിന്റെ 0/000 മുതൽ 15/000 വരെയുള്ള ഭാഗം CRF പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിൽ (DLP) ഉൾപ്പെടുത്തിയിരുന്നതിനാൽ, കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനരുദ്ധരിക്കുന്നതിനുള്ള DPR നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നില്ല. നിലവിൽ പ്രസ്തുത ഭാഗത്തിന്റെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് (DLP) കഴിഞ്ഞെങ്കിലും റോഡ് നല്ല നിലവാരത്തിൽ തന്നെ തുടരുന്നതിനാൽ 24/05/2024-ന് നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പദ്ധതി തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കെ.ആർ.എഫ്.ബി. ക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ വെള്ളൂർ - പാടിയോട്ടുചാൽ റോഡ് പ്രവൃത്തി കിഫ്ബി ഫണ്ട് വിനിയോഗിച്ച് മെച്ചപ്പെടുത്തുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 01/11/2016-ലെ G.O (Rt) No. 1502/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ ചെയിനേജ് 0/000 മുതൽ 28/300 വരെയുള്ള ഭാഗം CRF-ലും സംസ്ഥാന ബഡ്ജറ്റിലും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി 7 മീറ്റർ കാര്യേജ് വേയിൽ |

| | | | |
|---|---|---|---|
| | | | BM & BC നിലവാരത്തിൽ വികസിപ്പിച്ചിരുന്നു. പ്രസ്തുത റോഡിന്റെ 0/000 മുതൽ 15/000 വരെയുള്ള ഭാഗം CRF പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിൽ (DLP) ഉൾപ്പെടുത്തിയിരുന്നതിനാൽ, കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനരുദ്ധരിക്കുന്നതിനുള്ള DPR നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നില്ല. നിലവിൽ പ്രസ്തുത ഭാഗത്തിന്റെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് (DLP) കഴിഞ്ഞെങ്കിലും റോഡ് നല്ല നിലവാരത്തിൽ തന്നെ തുടരുന്നതിനാൽ 24/05/2024-ന് നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പദ്ധതി തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ